REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി, ആഗോള ഫുഡ് ഇന്ത്യ -2025 ഭക്ഷ്യമേള വൈകിട്ട് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.**
- **അട്ടപ്പാടി കോട്ടത്തറ ട്രൈബൽ ആശുപത്രിയിലെ പൂർത്തീകരിച്ച പദ്ധതികൾ രാവിലെ മന്ത്രി വീണാ ജോർജ് ജനങ്ങൾക്ക് സമർപ്പിക്കും.**
- **ചെർപ്പുളശ്ശേരിയെ ഇന്ന് അതിദാരിദ്ര്യമുക്ത നഗരസഭയായി പ്രഖ്യാപിക്കും.**
- **ഇന്ത്യ ഏഷ്യാകപ്പ് ട്വന്റി 20 ക്രിക്കറ്റ് ഫൈനലിൽ.**
- **കണ്ണൂരിൽ സംസ്ഥാന സ്കൂൾ ഗെയിംസിൽ അണ്ടർ-19 ബോയ്സ് ഫുട്ബോളിൽ മലപ്പുറം ചാമ്പ്യന്മാരായി.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ആഗോള ഭക്ഷ്യ മേള - വേൾഡ് ഫുഡ് ഇന്ത്യ 2025 ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വൈകിട്ട് ഉദ്ഘാടനം ചെയ്യും. നാല് ദിവസത്തെ മേളയിൽ ഭക്ഷ്യ സുസ്ഥിരത, ഭക്ഷ്യ സംസ്കരണം, ജൈവ പോഷക ഭക്ഷ്യോത്പാദനം തുടങ്ങിയ മേഖലകളിൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ പ്രദർശിപ്പിക്കും. ഈ മേഖലകളിലെ അന്താരാഷ്ട്ര സഹകരണ സാധ്യതകളും, നിക്ഷേപാവസരങ്ങളും മേളയിൽ തുറന്ന് കാണിക്കും.

21 രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുക്കുന്ന മേളയിൽ ഇന്ത്യയിലെ 21 സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും പത്ത് കേന്ദ്ര മന്ത്രാലയങ്ങളും അവരുടെ നേട്ടങ്ങൾ പ്രദർശിപ്പിക്കും. പ്രധാൻമന്ത്രി മൈക്രോ

ഭക്ഷ്യസംസ്കരണ വികസന പദ്ധതിയിലെ 26,000ത്തോളം ഗുണഭോക്താക്കൾ മേളയുടെ ഭാഗമാകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉത്തർപ്രദേശും രാജസ്ഥാനും സന്ദർശിക്കും. ഗ്രെയ്റ്റർ നോയ്ഡയിൽ UP അന്താരാഷ്ട്ര ട്രേഡ് ഷോ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി പൊതു സമ്മേളനത്തിലും സംബന്ധിക്കും.

തുടർന്ന് രാജസ്ഥാനിലേക്ക് പോകുന്ന നരേന്ദ്രമോദി ഒരു ലക്ഷത്തി 22,100 കോടി രൂപയുടെ പദ്ധതികൾക്ക് ബൻസ് വാഡയിൽ തുടക്കമിടും. പൊതുസമ്മേളനത്തേയും അദ്ദേഹം അഭിസംബോധന ചെയ്യും. PM-കുസും ഗുണഭോക്താക്കളു മായി പ്രധാനമന്ത്രി സംവദിക്കും.

✪✪✪

സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാന്റെ സേവനം അടുത്ത വർഷം മെയ് 30 വരെ നീട്ടാൻ കേന്ദ്രമന്ത്രിസഭയുടെ നിയമന സമിതി യോഗം അംഗീകാരം നൽകി. സൈനിക കാര്യ വകുപ്പ് സെക്രട്ടറി സ്ഥാനവും ഇതേ കാലയളവ് വരെ തുടരും. 2022 സെപ്തംബർ 28നാണ് ജനറൽ അനിൽ ചൗഹാനെ സംയുക്ത സൈനിക മേധാവിയായി നിയമിച്ചത്.

✪✪✪

പൊതുസേവനവും സദ്ഭരണവും ലക്ഷ്യമിട്ട് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കി വരുന്ന പരിഷ്കരണ നയങ്ങൾ രാജ്യത്ത് സുപ്രധാന മാറ്റങ്ങളാണ് കൊണ്ടുവരുന്നത്. നരേന്ദ്രമോദി ഗവൺമെന്റ് ഇന്ത്യയുടെ രാജ്യരക്ഷാ നവീകരണ ആവാസ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളാണ് ആകാശവാണി ഇന്ന് സേവാപർവ് പരമ്പരയിലൂടെ വിശദീകരിക്കുന്നത്.

.....വോയ്സ് ....

കഴിഞ്ഞ പതിനൊന്ന് വർഷമായി കേന്ദ്രഗവൺമെന്റ് രാജ്യരക്ഷാമേഖലയിലെ നവീകരണത്തിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. രാജ്യരക്ഷാ ആവാസവ്യവസ്ഥയുടെ സൃഷ്ടിക്കായി 2018 ഏപ്രിലിലാണ് ഇന്നൊവേഷൻസ് ഫോർ ഡിഫെൻസ് എക്സലെൻസ്- IDEX സംരംഭത്തിന് തുടക്കമിട്ടത്. ഗവേഷണ സ്ഥാപനങ്ങൾ, അക്കാദമികൾ വ്യവസായങ്ങൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയെയും വ്യക്തിഗത കണ്ടെത്തലുകൾ നടത്തുന്നവരെയും ഉൾപ്പെടുത്തി രാജ്യരക്ഷാ രംഗത്ത് സാങ്കേതിക വികസനം സാധ്യമാക്കാൻ ഇതിലൂടെ കഴിഞ്ഞു.

തമിഴ്നാട്ടിലെ മഹാബലിപുരത്ത് ഡിഫെക്സ്പോ IDEX ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി സാങ്കേതികവിദ്യ, നവീകരണം, ഗവേഷണം, വികസനം, തുടങ്ങിയവയ്ക്ക് ഗവണ്മെന്റ് നൽകുന്ന പിന്തുണയുടെ പ്രാധാന്യം എടുത്തുപറഞ്ഞിരുന്നു.

സംരംഭകർക്കും ഗവേഷകർക്കും വ്യക്തിഗത കണ്ടെത്തൽ നടത്തുന്നവർക്കും ആക്കാദമികൾക്കും IDEX ഒന്നരശതമാനം വരെ ഗ്രാന്റുകൾ നൽകി. IDEXപിന്തുണ നൽകിയ സ്റ്റാർട്ടപ്പുകളിൽ നിന്നും എം സ്  എം ഇ കളിൽനിന്നും 2400 കോടിയിൽപരം വിലമതിക്കുന്ന 43 ഇനങ്ങളാണ് സായുധസേന സ്വീകരിച്ചത്. ഇത് രാജ്യരക്ഷ മേഖലയിലെ തദ്ദേശീയവൽക്കരണത്തിന്റെയും നവീകരണത്തിന്റെയും വർധിച്ചു വരുന്ന വിശ്വാസ്യതയാണ് പ്രതിഫലിപ്പിക്കുന്നത്.

✪✪✪

വരും തലമുറ GST പരിഷ്കരണത്തിൽ, പൊതു മാലിന്യ സംസ്കരണ ശാലകളുടെ GST  കുറച്ചത് മലിനീകരണമില്ലാത്ത അന്തരീക്ഷം സൃഷ്ടിക്കാൻ വഴിയൊരുക്കും. മാലിന്യ സംസ്കരണ പ്ലാന്റുകളുടെ GST, 12 ശതമാനത്തിൽ നിന്ന്  അഞ്ച് ശതമാനമായാണ് കുറച്ചത്.

ഡെസ്ക് റിപ്പോർട്ട്....

<Audio>

പൊതു മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നികുതി കുറയ്ക്കുന്നത് വ്യവസായങ്ങളെ കേന്ദ്രീകൃത മാലിന്യ സംസ്കരണ രീതികൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുമെന്നാണ് വിലയിരുത്തൽ. ഇത് മലിനീകരണ രഹിതമായ അന്തരീക്ഷം സൃഷ്ടിക്കാനും വ്യാവസായിക മേഖലകളിൽ സുസ്ഥിര വികസനത്തെ പിന്തുണയ്ക്കുകയും ചെയ്യും. GST നിരക്കുകൾ കുറച്ചത് മാലിന്യം വേർതിരിക്കൽ, പ്ലാന്റ് പ്രവർത്തനങ്ങൾ, പരിപാലനം തുടങ്ങിയ മേഖലകളിൽ ഹരിത തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വഴിയൊരുക്കും.

മണ്ണിൽ അലിഞ്ഞുചേരുന്ന പ്ലാസ്റ്റിക് ബാഗുകളുടെയും GST, 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചിട്ടുണ്ട്. ഇത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളിൽ നിന്ന് മാറാൻ ഉപഭോക്താക്കളെയും ചില്ലറ വ്യാപാരികളെയും പ്രേരിപ്പിക്കുകയും പ്ലാസ്റ്റിക് മലിനീകരണ വിപത്തിനെ ഒരു പരിധി വരെ കുറയ്ക്കാൻ സഹായിക്കുകയും ചെയ്യും. സൗരോർജ്ജ, കാറ്റാടി വൈദ്യുതി ഉപകരണങ്ങളുടെ നികുതി നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചത് കർഷകർക്ക് സോളാർ പമ്പുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ സഹായിക്കുമെന്നും  വിലയിരുത്തുന്നു.

✪✪✪

കോഴിക്കോട്ട് കേസരി നവരാത്രി സർഗോത്സവത്തിലെ സാംസ്കാരിക സമ്മേളനത്തിന്റെ ഭാഗമായ സർഗസംവാദം വൈകിട്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ഉദ്ഘാടനം ചെയ്യും. ഇന്നലെ സർഗോത്സവത്തിന്റെ മൂന്നാം ദിവസത്തെ സർഗസംവാദം ഗോവാ മുൻ ഗവർണർ PS. ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്തു.

കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ കുലപതി ആചാര്യശ്രീ രാജേഷ് പ്രഭാഷണം നടത്തി. തുടർന്ന് കലാപരിപാടികളും സംഘടിപ്പിച്ചു.

✪✪✪

ജയിൽ വകുപ്പിലെ 101 അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ പാസിങ്ങ് ഔട്ട് പരേഡ് രാവിലെ തിരുവനന്തപുരത്ത് നടത്തും. എട്ടരയ്ക്ക് പേരൂർക്കട SAP പരേഡ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിന്റെ സല്യൂട്ട് സ്വീകരിക്കും.

✪✪✪

2050-ഓടെ കേരളത്തെ കാർബൺ ന്യൂട്രൽ ആക്കുകയെന്ന ലക്ഷ്യത്തോടെ നീതി ആയോഗും, KSEBയും ചേർന്ന് സംഘടിപ്പിക്കുന്ന ശൂന്യ EV കോൺക്ലേവ് - 2025 രാവിലെ തിരുവനന്തപുരത്ത് മന്ത്രി K. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും.

കോൺക്ലേവിൽ മന്ത്രി P രാജീവ് മുഖ്യപ്രഭാഷണം നടത്തും.

നീതി ആയോഗ് ഉപദേഷ്ടാവ് സുധേന്ദു J. സിൻഹ, KSEB ചെയർമാൻ മിൻഹാജ് ആലം, തുടങ്ങിയവരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും.

✪✪✪

തിരുനാവായ കാരത്തൂരിൽ EMS-ന്റെ ലോകം ദേശീയ സെമിനാർ സമാപിച്ചു. സമാപന സമ്മേളനം CPIM കേന്ദ്ര കമ്മിറ്റിയംഗം TM തോമസ് ഐസക്ക് ഉദ്ഘാടനം ചെയ്തു. കവി ആലങ്കോട് ലീലാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി.

✪✪✪

അട്ടപ്പാടി കോട്ടത്തറ ട്രൈബൽ ആശുപത്രിയിലെ പൂർത്തീകരിച്ച പദ്ധതികൾ രാവിലെ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. 13 കോടി 67 ലക്ഷം രൂപ ചെലവിലാണ് പദ്ധതികൾ പൂർത്തിയാക്കിയത്.

പാലക്കാട് എലപ്പുള്ളി താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ പ്രവർത്തനവും മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

കനത്ത മഴക്ക് സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് ഏഴ് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

✪✪✪

ഇന്ത്യ ഏഷ്യാകപ്പ് ട്വന്റി 20 ക്രിക്കറ്റ് ടൂർണമെന്റ് ഫൈനലിൽ. ദുബായ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ സൂപ്പർ ഫോറിൽ ബംഗ്ലാദേശിനെ 41 റൺസിന് തോൽപ്പിച്ചാണ് ഇന്ത്യ ആദ്യ ഫൈനലിസ്റ്റുകളായത്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ ആറ് വിക്കറ്റിന് 168 റൺസെടുത്തു. തുടർന്ന് ബാറ്റ് ചെയ്ത ബംഗ്ലദേശ് 19.3 ഓവറിൽ 127 റൺസിന് എല്ലാവരും പുറത്തായി. അഭിഷേക് ശർമയാണ് പ്ലെയർ ഓഫ് ദ മാച്ച്. ഇന്ന് മറ്റൊരു സൂപ്പർ ഫോർ മത്സരത്തിൽ ഇന്ത്യൻ സമയം രാത്രി എട്ടിന് ദുബായിൽ ബംഗ്ലാദേശ് പാകിസ്ഥാനെ നേരിടും. ഇതിലെ ജേതാക്കളായിരിക്കും ഫൈനലിൽ ഇന്ത്യയുടെ എതിരാളികൾ.

✪✪✪

കണ്ണൂരിൽ സംസ്ഥാന സ്കൂൾ ഗെയിംസിൽ അണ്ടർ-19 ബോയ്സ് ഫുട്ബോളിൽ മലപ്പുറം ചാമ്പ്യന്മാരായി. കോഴിക്കോടിനെ 2-1 നാണ് അവർ തോൽപ്പിച്ചത്. അണ്ടർ 19 പെൺകുട്ടികളുടെ ഫുട്ബോൾ മത്സരം പോലീസ് പരേഡ് ഗ്രൗണ്ടിൽ തുടരും.

തലശ്ശേരി ചമ്പാട് ഇൻഡോർ സ്റ്റേഡിയത്തിൽ അണ്ടർ-19 ആൺകുട്ടികളുടെ വോളിബോൾ മത്സരത്തിന്റെ സെമി, ഫൈനൽ മത്സരങ്ങളും ഇന്നാണ്. അണ്ടർ-17 ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ബോക്സിങ് മത്സരങ്ങൾ കണ്ണൂർ മുൻസിപ്പൽ സ്കൂളിലും ഇന്ന് നടത്തും. തലശ്ശേരി സായി സെന്ററിൽ ബോയ്സ്, ഗേൾസ് ജിംനാസ്റ്റിക്സ് മത്സരങ്ങളും ഇന്നാണ്.

✪✪✪

സംസ്ഥാനത്തെ നാഷണൽ സർവീസ് സ്കീമിന്റെ 'മാനസ ഗ്രാമം' മാതൃക ഗ്രാമപദ്ധതി പ്രഖ്യാപനം മന്ത്രി ഡോ. R. ബിന്ദു തിരുവനന്തപുരത്ത് നിർവ്വഹിച്ചു. പദ്ധതിയിൽ ഇടത്തരം ഗ്രാമങ്ങളിലേക്ക് വിദ്യാർത്ഥി സന്നദ്ധസേവകർ നേരിട്ട് ഇറങ്ങിച്ചെല്ലുമെന്നും, സമൂഹത്തിൽ മാനസികാരോഗ്യ ബോധവത്കരണവും ശാക്തീകരണവും ഉറപ്പുവരുത്തുമെന്നും മന്ത്രി പറഞ്ഞു. നാഷണൽ സർവീസ് സ്കീം ദിനാചരണം ഉദ്ഘാടന ചടങ്ങിലാണ് പുതിയ സംരംഭത്തിന് തുടക്കമിട്ടത്.

NSS ന്റെ 'കർത്തവ്യ-വാര' ചടങ്ങും 'പക്ഷിവനം പദ്ധതി'യും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

ചെർപ്പുളശ്ശേരി നഗരസഭയുടെ അതിദാരിദ്ര്യമുക്ത പ്രഖ്യാപനം മന്ത്രി MB രാജേഷ് ഇന്ന് നിർവഹിക്കും.

പാലക്കാട് പുതുക്കോട് ഗ്രാമ പഞ്ചായത്തിലെ വാതക ശ്മശാനത്തിന്റെയും, മാലിന്യ സംഭരണ കേന്ദ്രത്തിന്റെയും നിർമ്മാണവും പഞ്ചായത്ത് ഗ്രൗണ്ട് നവീകരണവും രാവിലെ മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്ത് നിന്ന് 4,765 പരാതികൾ ഇതുവരെ ലഭിച്ചു. ഇടുക്കി ഹൈറേഞ്ച് സർക്കിളിൽ നിന്ന് 212, കോട്ടയം ജില്ലയിൽ നിന്ന് 45, എറണാകുളത്ത് നിന്ന് 69 എന്നിങ്ങനെയാണ് പരാതികളുടെ എണ്ണം. ഇതിൽ ഇടുക്കിയിലെ 27 പരാതികളും, കോട്ടയെത്തെ പത്ത് പരാതികളും തീർപ്പാക്കി.

✪✪✪

വികസനപ്രവർത്തനങ്ങൾക്ക് ജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദേശങ്ങളും സമാഹരിക്കാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്ന വികസന സദസ്സിന് കോഴിക്കോട് ജില്ലയിൽ ഇന്ന് തുടക്കമാകും. അഴിയൂർ ഗ്രാമപഞ്ചായത്തിലാണ് ആദ്യ സദസ്സ്. കാസർകോട് ജില്ലയിലെ വികസന സദസ്സിന് ഈ മാസം 30ന് ചെറുവത്തൂർ പഞ്ചായത്തിലെ സദസ്സോടെ തുടക്കമാകും.

✪✪✪

കരിപ്പൂർ വിമാനത്താവളം വഴി കടത്താൻ ശ്രമിച്ച 90 ലക്ഷം രൂപയുടെ സ്വർണം പോലീസ് പിടികൂടി. 843 ഗ്രാം സ്വർണ്ണമിശ്രിതമാണ് പിടിച്ചെടുത്തത്. സംഭവത്തിൽ ജിദ്ദയിൽ നിന്നെത്തിയ മലപ്പുറം കൂരിയാട് സ്വദേശി ഫസലുറഹ്മാനെ പോലിസ് കസ്റ്റഡിയിലെടുത്തു.

✪✪✪

കോഴിക്കോട് - വയനാട് ജില്ലകളിലൂടെ കടന്നുപോകുന്ന മലാപ്പറമ്പ് - മുത്തങ്ങ നാലുവരിപ്പാതയുടെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ ദേശീയ പാത അതോറിറ്റി ടെണ്ടർ ക്ഷണിച്ചു. താമരശ്ശേരി ചുരം ബൈപ്പാസ് ഉൾപ്പെടെ ഏതാനും ബൈപ്പാസുകളുടെ നിർമ്മാണം, ചുരം പാതയുടെ സംരക്ഷണം ലക്ഷ്യമിട്ടാണ്.

✪✪✪

തിരുവനന്തപുരം പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ പത്തനംതിട്ടയിൽ ഇന്ന് പ്രാദേശിക മാധ്യമപ്രവർത്തകർക്കായി വാർത്താലാപ് - ഏകദിന മാധ്യമ ശില്പശാല നടത്തും.

രാവിലെ ജില്ലാ കളക്ടർ S. പ്രേം കൃഷ്ണൻ ശില്പശാല ഉദ്ഘാടനം ചെയ്യും. PIB കേരള - ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ V. പളനിച്ചാമി അധ്യക്ഷനായിരിക്കും.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*